# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.7/1888/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 27/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാരപ്പെട്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.7/1888/2022 തീയ്യതി: 27/12/2022

## എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-12-2021 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-10-2022 | 22-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 14-10-2022 | 22-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ധീരജ് ജെ., ഓഡിറ്റ് ഓഫീസർ
പ്രസാദ് പി.ജി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരീഷ് പി.ആർ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| പി കെ ചന്ദ്രശേഖരൻ നായർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| അനിൽകുമാർ കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഖദീജ ബീവി | അസിസ്റ്റൻറ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| റോബിൻ ജേക്കബ് പോൾ | വെറ്ററിനററി സർജൻ | 01-04-2021 | 30-11-2021 |
| റസീന കരീം | വെറ്ററിനററി സർജൻ | 01-12-2021 | 30-12-2021 |
| റോബിൻ ജേക്കബ് പോൾ | വെറ്ററിനററി സർജൻ | 31-12-2021 | 31-03-2022 |
| ബേസിൽ റ്റി എൽദോസ് | വിഇഒ വാരപ്പെട്ടി | 01-04-2021 | 26-04-2021 |
| രശ്മി എൻ | വിഇഒ വാരപ്പെട്ടി | 27-04-2021 | 31-03-2022 |
| ബേസിൽ റ്റി എൽദോസ് | വിഇഒ കോഴിപ്പിള്ളി | 01-04-2021 | 26-04-2021 |
| പ്രഭാത് പി | വിഇഒ കോഴിപ്പിള്ളി | 27-04-2021 | 31-03-2022 |
| മാത്യു എം ജോസഫ് | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 01-04-2021 | 31-03-2022 |
| സജി ജോൺ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| സോളമൻ എ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2021 | 31-03-2022 |
| സീന പി സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 07-07-2021 |
| നസ്രിൻ നാസർ | ഐ സി ഡി എസ് സൂപ്പർവൈസർ | 08-07-2021 | 31-03-2022 |
| അലിയാർ പി | എച്ച്എം ഗവ. എൽപി എസ് വാരപ്പെട്ടി | 01-04-2021 | 31-03-2022 |
| എലിസബത്ത് ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| എം എൻ രാജേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2021 | 30-11-2021 |
| സണ്ണി കെ എ | കൃഷി ഓഫീസർ | 01-12-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 13 | ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 14 | തൊഴിൽ നികുതി – അപാകതകൾ | 1-13 |
| 15 | വാടക - അപാകതകൾ | 1-14 |
| 16 | ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല | 1-15 |
| 17 | തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന – വിശദീകരണം നൽകേണ്ടതാണ് | 1-16 |
| 18 | വിനിയോഗ വിവരം (ഐ.കെ.എം.) ലഭ്യമായിട്ടില്ല. | 1-17 |
| 19 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല . | 1-18 |
| 20 | പച്ചക്കറി തൈ വിതരണ പദ്ധതി - നിർവ്വഹണത്തിൽ ന്യൂനതകൾ. | 1-19 |
| 21 | ഗ്രോബാഗ് കൃഷി പദ്ധതി - അപാകതകൾ. | 1-20 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 23 | കാരുണ്യസ്പർശം പദ്ധതി - സംയുക്ത പദ്ധതിയിൽ പങ്കുചേർന്നില്ല. | 1-22 |
| 24 | വാഹനം വാങ്ങിയത് നാളിതുവരെ ഉപയോഗപ്പെടുത്തിയില്ല. | 1-23 |
| 25 | തെരുവ് വിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 1-24 |
| 26 | കുട്ടികളുടെ ജില്ലാ വെബ് പോർട്ടൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-25 |
| 27 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായില്ല | 1-26 |

| | | |
|---|---|---|
| 28 | അനുപൂരക പോഷകാഹാര പദ്ധതി-ബാധകമല്ലാത്ത ജി.എസ്.ടി. അനുവദിക്കുന്നു | 1-27 |
| 29 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തെരുവ് വിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരം | 4-4 |
| 5 | വായ്പ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

17.02.2021 തീയതിയിലെ (1):ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.02.2022 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 56,58,008 | 15,14,74,086 | 15,71,32,094 | 15,06,41,642 | 64,90,452 |

2021-22 ലെപുതുക്കിയ ബജറ്റും, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്.

| | 2021- 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021- 2022 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 15,14,74,086 | 6,29,55,093 | 8,85,18,993 |
| ചെലവ് | 15,06,41,642 | 5,55,88,919 | 9,50,52,723 |

ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ച് കണക്ക് തയ്യാറാക്കാതിരുന്നതുമൂലമാണ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളിൽ ഇത്തരത്തിൽ വലിയ അന്തരമുണ്ടായത്. ബജറ്റ് മാന്വൽ അനുശാസിക്കുന്നവിധം ബജറ്റ് തയ്യാറാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.22 | 16.08.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാരപ്പെട്ടി ഗ്രാമപഞ്ചാത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) Excess Of Income Over Expenditure (310900101) എന്ന ശീർഷകത്തിലേക്ക് തൻവർഷം Transfer ചെയ്ത തുക ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല. ആയതിനാൽ, പഞ്ചായത്ത് (ജനറൽ) ഫണ്ടിൽ വ്യത്യാസം ഉണ്ട്.

2) ദുരിതാശ്വാസനിധിയുടെ (311100101) മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

3) ദുരിതാശ്വാസനിധിയുടെ നീക്കിയിരിപ്പ് RP 40(b) ഷെഡ്യൂളിലെ ബാങ്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

4) Supplier's EMD, Contractor's Retension, Other Deposits Election Deposits എന്നീ ശീർഷകങ്ങളുടെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

5) ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ വാല്യുവേഷൻ നടത്തി അക്കൌണ്ട് ചെയ്തിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,02,67,312 |
| വരവ് | 6,29,55,093 |
| ആകെ | 7,32,22,405 |
| ചെലവ് | 5,55,88,919 |
| നീക്കിയിരിപ്പ് | 1,76,33,486 |
| വരവ് നഷ്ടം | ഇല്ല |
| ചെലവ് നഷ്ടം | 27,880 |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 8,50,081 |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 7861124 | 7861124 | 7861124 | 0 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1649972 | 1649972 | 1435067 | 214905 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 156542 | 156542 | 136141 | 20401 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 3051000 | 3051000 | 42000 | 3009000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 2084324 | 2084324 | 1152893 | 931431 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 10180000 | 10180000 | 9410641 | 769359 |
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 4870979 | 4870979 | 3470391 | 1400588 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് (അനുപൂരക പോഷകാഹാരം) | 130287 | 912494 | 1042781 | 871412 | 171369 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 0 | 130000 | 130000 | 130000 | 0 |
| നിർമ്മൽ പുരസ്കാരം | 36988 | 0 | 36988 | 0 | 36988 |
| ലൈഫ് | 920932 | 1340000 | 2260932 | 1635570 | 625362 |
| സാക്ഷരത | 13944 | 381 | 14325 | 0 | 14325 |
| ടിഎസ്സി | 991383 | 0 | 991383 | 991383 | 0 |
| ഹഡ്കോ | 20290 | 0 | 20290 | 0 | 20290 |
| കേരളോത്സവം | 8700 | 0 | 8700 | 0 | 8700 |
| ആർജിപിഎസ്എ | 42411 | 4018 | 46429 | 46098 | 331 |

വികസന ഫണ്ട് (ജനറൽ) ഗ്രാന്റിന്റെ 1-6 ഷെഡ്യൂൾ RP-7 ഷെഡ്യൂൾ എന്നിവ തമ്മിലുള്ള വ്യത്യാസം 2696008/- രൂപ ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് നീക്കിയിരിപ്പ് തുകയും ജി.ഒ. പ്രോജക്ടുകളുടെ ചെലവും ഉൾപ്പെട്ടതാണ്. ടോട്ടൽ സാനിറ്റേഷൻ ഗ്രാന്റ് ചെലവ് 1594842/- രൂപയും ക്യാപിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ചത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 149 | 9,07,79,031 | 115 | 94,10,641 | 104 | 11 | 34 | 69.79% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4273 | 8,09,590<br>4013(പലിശ) | 8,17,876 | 817856 | 20 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,36,20,410 | 1,36,20,410 | 1,36,20,410 | 0 |
| ആകെ | 4273 | 1,44,34,013 | 1,44,38,286 | 1,44,38,266 | 20 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 40,40,400 | 241 |
| വിധവാപെൻഷൻ | 94,90,400 | 614 |
| വാർദ്ധക്യകാലപെൻഷൻ | 2,05,40,000 | 1403 |
| വികലാംഗപെൻഷൻ | 31,09,000 | 199 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 0 | 0 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,54,000 | 24 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2022 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,118/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.
2. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. 2015-16 മുതലുള്ള ഡെപ്പോസിറ്റ് തുകകളുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തിരികെ നൽകിയ തുകകളുടേയും റീക്യാപ്പ് ചെയ്തതിന്റേയും വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
4. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷം തോറും തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.10.2021 - 28.10.2021 | 01.08.2021 - 30.09.2021 | 22.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.02.2016 - 22.02.2016 | 2010-11 – 2014-15 | 17.03.2016 |

## 1-11 ഓഡിറ്റ് ഇംപാക്ട്

17.10.2022 തീയതിയിലെ ഓഡിറ്റ് എൻക്വയറി നം.5 നെ തുടർന്ന് തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന 500/- രൂപ രസീത് നം. 1220102005/21.10.2022 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

1-12 ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ കൂടാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996 ലെ കേരള പഞ്ചായത്ത് രാജ് എഫ്.ടി.ഇ.ഒ.എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ 1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270, 271, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) എന്നിവ പ്രകാരം മുൻ കൂട്ടി രജിസ്ട്രേഷനില്ലാതെ യാതൊരു സ്വകാര്യ ആശുപത്രിയും, സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിലെ ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ ലൈസൻസോ, പാരാമെഡിക്കൽ രജിസ്ട്രേഷനോ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | പഴേയ്ക്കൽ ആയുർവേദ ക്ലിനിക്ക്, കോഴിപ്പിള്ളി | ലൈസൻസ് എടുക്കുകയോ, പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല |
| 2 | വിശ്വബ്രഹ്മ ആയുർവേദ വൈദ്യശാല, മൈലൂർ | ലൈസൻസ് എടുക്കുകയോ, പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുകയോ ചെയ്തിട്ടില്ല |

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.10.2022 തീയതിയിൽ നൽകിയ എൻക്വയറി നം.6 ന് മറുപടി ലഭ്യമാക്കിയില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം232(1), 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാവേണ്ടതാണ്.

രജിസ്ട്രേഷനില്ലാതെയും പ്രവർത്തിക്കുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5,000/- രൂപ വരെ പിഴ ഈടാക്കാവുന്നതും രജിസ്ട്രേഷനില്ലാതെ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കരിക്കേണ്ടതും, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും പിഴപ്പലിശ അടക്കം ലൈസൻസ് ഫീസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 തൊഴിൽ നികുതി – അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി / തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. 2021-22 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) എഗ്രിമെന്റ് രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കരാർ വെച്ചിട്ടുള്ള പല കരാറുകാരും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരന്റെ പേര് | തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ |
|---|---|---|
| 1 | ഷാജു മത്തായി | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 2 | എൽദോച്ചൻ കര്യാക്കോസ് | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 3 | അജി.പി.എസ് | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 4 | സുഹൈൽ.വി.എച്ച് | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 5 | ദിവാകരൻ.എം.കെ | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 6 | സോജൻ.എൻ.സി | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |

| | | |
|---|---|---|
| 7 | ജലാം.കെ.ബി | തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 8 | ഗോപാലകൃഷൻ.സി.ജി | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 9 | കെ.ഗോപി | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 10 | വിനോദ് ഭാസ്കർ | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |
| 11 | അനിൽ കുമാർ.സി.ആർ | രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല |

2) പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ ലൈസൻസ് എടുക്കുകയോ, ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുകയോ ചെയ്യുതായി കാണുന്നില്ല.
3) ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്ററിലെ നം. | കെട്ടിട നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 3 | 3/144 | വിപ്കോ ഇൻഡസ്ട്രീസ് | 3 |
| 2 | 24 | 10/284 | നീതി മെഡിക്കൽ ലാബ് | 3 |
| 3 | 68 | 3/141 ബി | മൗസ്സി ഇൻഡസ്ട്രീസ് | 3 |
| 4 | 79 | 10/204 | തമാർ കറി പൗഡർ | 10 |
| 5 | 85 | 6/177 ബി | പി.എം.പ്ലാസ്റ്റിക്ക്സ് | 4 |
| 6 | 110 | 6/89 എ,സി,ഡി,ഇ | ദിയാലാൽ ഫുഡ് പ്രോഡക്റ്റ്സ് | 5 |
| 7 | 113 | 1/195 | കാളിയത്ത് പേപ്പർ ഇൻഡസ്ട്രീസ് | 3 |
| 8 | 118 | 3/277 | ജെ.കെ.ടയർ ഇൻഡസ്ട്രീസ് | 4 |

മേൽ അപാകതകൾക്ക് 18.10.2022 തീയതിയിൽ നൽകിയ എൻക്വയറി നം.5 ന് മറുപടി ലഭ്യമാക്കിയതിൽ തൊഴിൽ നികുതി അടയ്ക്കാത്ത കരാറുകാരോട് ഉടൻ തന്നെ തൊഴിൽ നികുതി അടയ്ക്കാനും അടച്ചവരോട് രസീതിന്റെ പകർപ്പ് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് അറിയിച്ചിട്ടുള്ളത്.
തൊഴിൽ നികുതി സ്റ്റേറ്റ്മെന്റ് പൂരിപ്പിച്ച് സമർപ്പിക്കുന്ന സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ ഒരു മാസത്തെ വരുമാനം അർദ്ധവാർഷിക വരുമാനമായി രേഖപ്പെടുത്തി കുറഞ്ഞ തൊഴിൽ നികുതി അടവാക്കുന്നതായി കാണുന്നു. ആയതിനാൽ ടി അപാകത പരിഹരിക്കുവാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതും, മേൽ സൂചിപ്പിച്ചിട്ടുള്ള ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതായ തൊഴിൽ നികുതി, പിഴപ്പലിശ എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 വാടക - അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 5 വാടക കെട്ടിടങ്ങളാണുള്ളത് ( 9/339, 9/340 ബി, 9/340 സി, 9/340 ഡി, 9/340 ഇ). ആയതിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു കെട്ടിടം മാത്രമാണ് വാടകയ്ക്ക് നൽകിയിരുന്നത്. പ്രസ്തുത സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
(A) 2021-22 വാടകയ്ക്ക് നൽകിയ കെട്ടിടം വനിതാ ഉൽപ്പന്ന വിപണന കേന്ദ്രം നടത്തുന്നതിനായാണ് നൽകിയിരുന്നത്. ശ്രീമതി ഓമന തമ്പി എന്ന വ്യക്തിയ്ക്കാണ് കെട്ടിടം വാടകയ്ക്കു നൽകിയത് (കെട്ടിട നം.9/340ബി). എന്നാൽ മാസ വാടകയായ 2,145/- രൂപ 12 മാസത്തിൽ ഒരിക്കൽ പോലും അടവാക്കിയതായി കാണുന്നില്ല (2,145 X 12 = 25,740). ആകെ കുടിശ്ശികയായ 25,740/- രൂപയിൽ 12,870/- രൂപ എഴുതി തള്ളിയതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച കമ്മിറ്റി തീരുമാനം, ടിയാളുമായി ചമച്ച വാടക കരാർ എന്നിവ ഫയലിൽ ലഭ്യമല്ല.
(B) 2021-22 വാർഷിക കണക്കുകൾ പ്രകാരം മുൻവർഷങ്ങളിൽ 89,155/- രൂപ വാടക കുടിശ്ശിക ഇനത്തിൽ കിട്ടാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | | ഡിമാന്റ് | കളക്ഷൻ | എഴുതി തള്ളിയത് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | 2021-22 | നടപ്പ് വർഷത്തെ വാടക കുടിശ്ശിക | 25,740 | 0 | 12,870 | 12,870 |
| | | മുൻവർഷങ്ങളിലെ | 1,01,315 | 12,160 | 0 | 89,155 |

| | | | | | |
|---|---|---|---|---|---|
| | വാടക കുടിശ്ശിക | | | | |
| | ആകെ | 1,27,055 | 12,160 | 12,870 | 1,02,025 |

നിലവിൽ വാടകയിനത്തിൽ ആകെ 1,02,025/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ വാടക കുടിശ്ശിക ഇനത്തിൽ ആകെ 12,160/- രൂപ മാത്രമാണ് പിരിച്ചെടുത്തിരിക്കുന്നത്. മാത്രമല്ല നിലവിൽ കെട്ടിട നം.9/340 ബി എന്ന കെട്ടിടം മാത്രമാണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. എന്നാൽ മുൻ സാമ്പത്തിക വർഷത്തിൽ ഉണ്ടായിരുന്ന മറ്റ് 4 വാടകക്കാരും 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്നില്ല. എന്നിരുന്നാൽപോലും ടി വാടകക്കാരിൽ നിന്നും ലഭിക്കേണ്ട വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ സാധിച്ചില്ല എന്നത് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി കാണുന്നു. മേൽ അപാകതകൾ സംബന്ധിച്ച് 18.10.2022 തീയതിയിൽ നൽകിയ എൻക്വയറി നം.7 ന് മറുപടി ലഭ്യമാക്കിയില്ല.

പഞ്ചായത്ത് വാടകക്കാരുമായി കരാർ ചമയ്ക്കാത്ത പക്ഷം വാടക ഒടുക്കുന്നതിൽ വാടകക്കാർ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടത്തിലെ ചട്ടം 7(2)(1) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഫോറം III ന്റെ മാതൃകയിൽ വാടകക്കാരുമായി കരാർ ചമയ്ക്കാനും ആവശ്യമായ വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തുവാനും പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച ആകെ വാടക തുകയായ 1,02,025/- രൂപ വാടകക്കാരിൽ നിന്ന് പിഴപ്പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ബാങ്ക് അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നില്ല

പഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിക്കുവാനായി നിലവിൽ രണ്ട് അക്കൗണ്ടുകളാണുള്ളത്. എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ കോതമംഗലം ബ്രാഞ്ചിലുള്ള സേവിംഗ്സ് അക്കൗണ്ട് നം.00828100000002, കാത്തലിക്ക് സിറിയൻ ബാങ്കിന്റെ കോതമംഗലം ബ്രാഞ്ചിലുള്ള സേവിംഗ്സ് അക്കൗണ്ട് നം.023804072899190001 എന്നീ അക്കൗണ്ടുകളിലാണ് തനത് ഫണ്ട് സൂക്ഷിച്ചിരിക്കുന്നത്. ദൈനംദിന വരവുകളുടെ അടവുകളും, മറ്റ് ഇടപാടുകളും നടത്തുന്നത് പ്രധാനമായും കാത്തലിക്ക് സിറിയൻ ബാങ്കിലെ അക്കൗണ്ടിലൂടെയാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ, എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് 01.04.2021 തീയതിയിൽ 26,95,305.32 രൂപയും, 31.03.2022 തീയതിയിൽ 35,29,922.32 രൂപയുമാണ്. എന്നാൽ ഇത്രയധികം തുക ബാലൻസ് ഉണ്ടായിരുന്നിട്ടും പ്രസ്തുത സാമ്പത്തിക വർഷത്തിൽ ടി സേവിംഗ്സ് അക്കൗണ്ടിൽ നിന്നും പലിശയിനത്തിൽ യാതൊരു തുകയും പഞ്ചായത്തിനു ലഭിച്ചിട്ടില്ല. മാത്രമല്ല മുൻ സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ ലഭിച്ച തുകകളുടെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 18.10.2022 തീയതിയിൽ നൽകിയ എൻക്വയറി നം.8 ന് മറുപടി ലഭ്യമാക്കിയതിൽ ടി അക്കൗണ്ടിൽ നിന്നും പലിശ ലഭിക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിരുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.05.2011 തീയതിയിലെ സർക്കുലർ നം.58725/എഫ്.എം.3 /2008/ത.സ്വ.ഭ.വ പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല എന്നും, തനത് വരുമാനം ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്നും നിഷ്കർഷിട്ടുണ്ട്. എന്നാൽ ടി സർക്കുലറിനു വിരുദ്ധമായി ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുകയും അതുവഴി പഞ്ചായത്തിനു ലഭിക്കേണ്ടതായ പലിശ ലഭിക്കാതിരിക്കുന്നതുമായ സാഹചര്യമാണുണ്ടായത്. ആയതിനാൽ ബാങ്ക് അക്കൗണ്ടുകൾ സർക്കുലറിനു വിധേയമായി നിലനിർത്താൻ ശ്രദ്ധിക്കേണ്ടതും, പഞ്ചായത്തിന്റെ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ സേവിംഗ്സ് അക്കൗണ്ട് നം.00828100000002 ൽ നിന്നും നാളിതുവരെ ലഭിക്കാതിരുന്ന പലിശ തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി കൈക്കൊണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന – വിശദീകരണം നൽകേണ്ടതാണ്

വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ പ്രതിമാസ ഇലക്ട്രിസിറ്റി ചാർജ് 46,177/- രൂപയാണ്. വാർഷികപദ്ധതികളിൽ 90% തെരുവ് വിളക്കുകളും എൽ.ഇ.ഡി.യിലേക്ക് മാറ്റിയിട്ടുള്ളതാണ്. നിരവധി തവണ കെ.എസ്.ഇ.ബി.ക്ക് കത്ത് നൽകിയിട്ടും തെരുവ് വിളക്കുകളുടെ എണ്ണം കാലികമാക്കി ഇലക്ട്രിസിറ്റി ചാർജ് കുറച്ച് തന്നിട്ടില്ല എന്നും, ആയതിനാൽ, തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്തപരിശോധന നടത്തുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതിനും വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 10.12.2021ലെ 6(1) നമ്പർ പ്രകാരം തീരുമാനിച്ചിരുന്നു.

യോഗതീരുമാനം സംബന്ധിച്ച തുടർനടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (എൻക്വയറി നം. 15/20.10.2022) മറുപടി ലഭിച്ചില്ല. ഈ വിഷയത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 വിനിയോഗ വിവരം (ഐ.കെ.എം.) ലഭ്യമായിട്ടില്ല.

വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് ഐ.കെ.എം.ന് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 46,513/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | 10/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽ നം., തീയതി | 110623/09.06.21 |
| തുക | 46,513/- |

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കേണ്ടതാണ്.

1-18 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .

2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ എസ്.എസ്.കെ.ക്ക് വിഹിതം നൽകൽ എന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 142/22 |
| അടങ്കൽ | ₹ 1,00,000/-(വികസന ഫണ്ട്) |
| ചെലവ് | ₹ 1,00,000/- |
| ബിൽ നം./തീയതി | 872299/31.12.21 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ. ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിനിയോഗ വിവരം ലഭ്യമല്ല. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ.(കൈ.) 11/2018 /ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ. പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. 2021-ൽ കോവിഡ് രണ്ടാം തരംഗത്തിൽ സ്കൂളുകൾ ഭാഗികമായി പ്രവർത്തിച്ച പശ്ചാത്തലത്തിൽ ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-22-ലെ വിശദമായ വിനിയോഗ വിവരങ്ങളും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

1-19 പച്ചക്കറി തൈ വിതരണ പദ്ധതി - നിർവ്വഹണത്തിൽ ന്യൂനതകൾ.

പ്രൊജക്ട് നം : 93/22

പദ്ധതി : പച്ചക്കറി തൈ വിതരണം.

അടങ്കൽ : ₹ 1,62,500/- (വികസന ഫണ്ട്)

ചെലവ് : ₹ 1,62,500/- (ബിൽ നം :400516351/13.10.21)

വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യിൽനിന്ന് 13000 എണ്ണം വീതമുള്ള 5 തരം പച്ചക്കറി തൈകൾ ആകെ 65000 എണ്ണം ₹ 1,62,500/- രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് . (Inv. No. EKM/HVSPC/038 തീ 07.09.2021.)

പദ്ധതി പ്രകാരമുള്ള മേൽ പറഞ്ഞ തൈകൾ പഞ്ചായത്തിലെ 13 വാർഡ് മെമ്പർമാർക്ക് 5000 എണ്ണം വീതം വിതരണം ചെയ്തതിന്റെ കൈപ്പറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് വഴി നടപ്പാക്കുന്ന പദ്ധതികളിൽ ജനപ്രതിനിധികൾ നിർവ്വഹണം നടത്താൻ വ്യവസ്ഥയില്ല. കൂടാതെ തൈകൾ കൈപ്പറ്റിയ മെമ്പർമാർ അവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റുമില്ല. പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടുമില്ല. ഇത്തരുണത്തിൽ പദ്ധതി നിർവ്വഹണം നടന്നുവോ എന്നുറപ്പുവരുത്തുവാനാകാത്തതിനാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (12/19.10.22) മറുപടിയിൽ കൊറോണാ മഹാമാരിയുടെ ആധിക്യമുള്ളതിനാലാണ്

ഇത്തരത്തിൽ പദ്ധതി നിർവ്വഹിച്ചത് എന്നാണ്. എന്നാൽ പദ്ധതി നിർവ്വഹണ കാലത്ത് കോവിഡ് രണ്ടാം തരംഗവും കുറഞ്ഞ സാഹചര്യത്തിൽ സർക്കാർ ദുരന്ത നിവാരണ വകുപ്പിന്റെ 29.10.2021 – ലെ സ.ഉ. (സാധാ)നം.717/2021/DMD ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാർക്കുൾപ്പെടെയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ , പരിശീലന കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് ഉത്തരവായിരുന്നു. ആയതിനാൽ മേൽ പറഞ്ഞ മറുപടി പൂർണ്ണമായി അംഗീകരിക്കാനാവില്ല.

വാർഡ് മെമ്പർമാർ ആർക്കൊക്കെ വിതരണം ചെയ്തു എന്നതിന്റെ യാതൊരു രേഖയോ കണക്കോ നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിസൂക്ഷിക്കാതെ പദ്ധതി വളരെ ഫലപ്രദമായി നടന്നു എന്ന് മറുപടി നൽകിയത് അംഗീകരിക്കാനാകുന്നതല്ല. ആയതിനാൽ 1,62,500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 ഗ്രോബാഗ് കൃഷി പദ്ധതി - അപാകതകൾ.

| | |
|---|---|
| പ്രൊജക്ട് നം. | 41/22 |
| പദ്ധതി: | ഗ്രോബാഗ് കൃഷി. |
| അടങ്കൽ: | 262500/- (വികസന ഫണ്ട്) 87500/- ( ഗുണഭോക്തൃ വിഹിതം) |
| ചെലവ്: | 262500/-(ബിൽ നം;400875787/1.1.22)<br>87500/- (ഗുണഭോക്തൃ വിഹിതം) |

വാരപ്പെട്ടി കാർഷിക കർമ്മസേനയിൽ നിന്നും ഒരു യൂണിറ്റിന് 2,000/- രൂപ നിരക്കിൽ 175 യൂണിറ്റ് (തൈകൾ വളം നിറച്ച ഗ്രോബാഗുകൾ സഹിതം) വാങ്ങിയിട്ടുണ്ട് (ഇൻവോയിസ് നമ്പർ/തീയതി ഇല്ല). പദ്ധതി പ്രകാരം ഗ്രോബാഗുകൾ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ കൈപ്പറ്റ്, ഗുണഭോക്തൃ ലിസ്റ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/19.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 262500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന ഡെപ്പൊസിറ്റ് പ്രവർത്തികൾക്ക് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നമ്പർ | തുക | ഇനം |
|---|---|---|
| 175/22 | 42,068/- | 12,13 വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ. (കെ.എസ്.ഇ.ബി.യിലേക്ക് നിക്ഷേപിച്ചത്) |
| 124/22(SO) | 1,24,000/- | പൈപ്പ് ലൈൻ നീട്ടൽ. (കെ.ഡബ്ല്യു.എ. യിലേക്ക് നിക്ഷേപിച്ചത്) |
| 123/22(SO) | 35,000/- | സ്റ്റേഡിയം-കുടിവെള്ള കണക്ഷൻ.(കെ.ഡബ്ല്യു.എ. യിലേക്ക് നിക്ഷേപിച്ചത്) |
| ആകെ | 2,01,068/- | |

വിനിയോഗ വിവരം ലഭ്യമാകുന്നതു വരെ 2,01,068/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 കാരുണ്യസ്പർശം പദ്ധതി - സംയുക്ത പദ്ധതിയിൽ പങ്കുചേർന്നില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 143/22 |
| പദ്ധതി: | കാരുണ്യസ്പർശം - സൗജന്യ ഡയാലിസിസ്.(സംയുക്തം) |
| അടങ്കൽ: | 70356/- (പ്ലാൻ.ജനറൽ ),644/- (തനത് ഫണ്ട്) |
| ബിൽചെക്ക് | 240122/18.2.2022 |
| ചെലവ്: | 644/- (തനത് ഫണ്ട്) |

കാരുണ്യസ്പർശം പദ്ധതി ജില്ലാ പഞ്ചായത്തും ഗ്രാമ പഞ്ചായത്തും സംയുക്തമായി ചെലവ് വഹിക്കുന്ന പദ്ധതിയാണ്. നിർദ്ധരരായ രോഗികൾക്ക് ഡയാലിസിസിനായി ധനസഹായം നൽകുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതി ചെലവിന്റെ 75 ശതമാനവും ജില്ലാ പഞ്ചായത്താണ് വഹിക്കുന്നത്. എന്നാൽ ശേഷിക്കുന്ന 25% തുക നൽകാതിരുന്ന നടപടി ശരിയല്ല. ഗ്രാമ പഞ്ചായത്തിലെ വൃക്ക രോഗികൾക്ക് ആവശ്യമായ വൈദ്യസഹായം ജില്ലാ പഞ്ചായത്ത് വഴി ലഭ്യമാക്കുന്ന മേൽ പദ്ധതിയിൽ ഓഡിറ്റ് വർഷം വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് പങ്കുചേരാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/22.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന പ്രസ്തുത പദ്ധതിക്ക് നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്തിന് അവർ ആവശ്യപ്പെട്ട 73,356/- രൂപ ഉടൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി

ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-23 വാഹനം വാങ്ങിയത് നാളിതുവരെ ഉപയോഗപ്പെടുത്തിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 122/22 (SO) |
| പദ്ധതി : | മാലിന്യ നീക്കത്തിന് വാഹനം വാങ്ങൽ. |
| അടങ്കൽ : | 800000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് : | 780407/- |
| ബിൽ നം. | 701315492/14.3.22. തുക.766803/-<br>701315508/14.3.22. തുക. 13604/- |

മേൽ പദ്ധതി പ്രകാരം പഞ്ചായത്തിലെ ഹരിത കർമ്മസേനക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി വാങ്ങിയ KL.44.H.1659 നമ്പർ ജീപ്പ് നാളിതുവരെ ഉപയോഗപ്പെടുത്തിയതായി കാണുന്നില്ല. 2022-23 വർഷത്തിലും പ്രസ്തുത വാഹനത്തിന്റെ ആവശ്യത്തിനായി 70000/- രൂപ വകയിരുത്തിയിട്ടുണ്ട്. (ചെലവ്: 2.9.22 വരെ 25476/- രൂപ) . ഒരു വർഷത്തേക്കുള്ള ഇൻഷുറൻസ് അടച്ചിട്ടുണ്ട്. എന്നാൽ 6 മാസത്തിലധികമായി വാഹനം ഉപയോഗപ്പെടുത്തിയിട്ടുപോലുമില്ല. മേൽ പറഞ്ഞ പദ്ധതി (122/22) നാളിതുവരെ പ്രാവർത്തികമാക്കാത്തതിന് കാരണം ബോധിപ്പിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/21.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രാവർത്തികമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രസ്തുത വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര നടപടികൾക്കായി ശ്രദ്ധ ക്ഷണിക്കുന്നു.

### 1-24 തെരുവ് വിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

പദ്ധതി നം. : 153/22.

പദ്ധതിയുടെ പേര് : സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് .

അടങ്കൽ : ₹ 1,80,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : ₹ 1,80,000/-

വൗച്ചർ നം. : 22100527/22.03.2022.

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി ഏറ്റെടുത്ത കരാറുകാരന് അർഹതപ്പെട്ടതിലും അധികം തുക അനുവദിച്ചതായും രേഖകൾ ശരിയാംവണ്ണം പരിപാലിക്കാത്തതായും കാണുകയുണ്ടായി.

2020-21- ൽ 3 ലക്ഷം രൂപ വകയിരുത്തി ആരംഭിച്ച പദ്ധതിയിൽ കരാർ ഏറ്റെടുത്ത ശ്രീ ബിജുജോർജിന് പഞ്ചായത്തിലേക്ക് 1,31,000/- രൂപയുടെ ലൈറ്റ് , ഫിറ്റിങ്ങുകൾ വാങ്ങി ഇൻവോയിസ് ലഭ്യമാക്കിയത് പ്രകാരം കരാർ പ്രകാരമുള്ള ആദ്യ ഗഡു (40%) 120000/- രൂപ 2020-21 -ൽ നൽകുകയുണ്ടായി. ആയതിൽ ശേഷിക്കുന്ന 11,000/- രൂപയും ലേബർ ചാർജ്ജുമുൾപ്പെടെ 180000/- രൂപ ഓഡിറ്റ് വർഷവും നൽകുകയുണ്ടായി.

ശ്രീ. ബിജു ജോർജ് ടെൻഡർഫോറത്തിനൊപ്പം വച്ച ഷഡ്യൂളിൽ ക്വോട്ട് ചെയ്തിട്ടുള്ളത് ലേബർ ചാർജ് നിരക്ക്പോസ്റ്റൊന്നിന് 420/- രൂപയാണ്. എന്നാൽ ടിയാൻ പഞ്ചായത്തുമായി ചമച്ച കരാറിൽ ലേബർചാർജ് 500/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൻ 340 പോസ്റ്റുകളിൽ പ്രവർത്തി നടത്തിയതിന്റെ രേഖയാണ് ഫയലിലുള്ളത്. അപ്രകാരമാണ് ടിയാന് 1,80,000/- രൂപ (340x500 =1,70,000+11,000 =1,81,000-10,00 =1,80,000) നൽകിയിട്ടുള്ളത്.

എന്നാൽ ഫയൽ പ്രകാരം പ്രവൃത്തി നടത്തിയതായുള്ള പോസ്റ്റ് നമ്പർ ചേർത്തിരിക്കുന്ന 340 പോസ്റ്റുകളുടെ പട്ടികയിൽ 4പോസ്റ്റുകളുടെ എണ്ണം ക്രമനമ്പറിൽ തുടർച്ചയായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. ക്രമ നം 121 കഴിഞ്ഞ് 123 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ക്രമനം.122, 141, 222, 282 എന്നിവ രേഖപ്പെടുത്താതെ 336 പോസ്റ്റുകളുടെ എണ്ണമാണ് പട്ടികിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം 336 പോസ്റ്റുകൾക്കുള്ള ലേബർ ആയിരുന്നു അനുവദിക്കേണ്ടിയിരുന്നത്. കൂടാതെ ടിയാൻ തന്നെ സാക്ഷ്യപ്പെടുത്തി സമർപ്പിച്ച ഷെഡ്യൂളിലെ ലേബർ ചാർജായ 420/- രൂപ നിരക്കിലാണ് നൽകേണ്ടിയിരുന്നത്. അപ്രകാരം 336 (പോസ്റ്റുകൾ) X420 (രൂപ) = 1,41,120+11,000(മെറ്റീരിയൽ) = 1,52,120/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ അധികമായി നൽകിയത് 27880/- രൂപ.(180000-152120).

കൂടാതെ ഫയൽ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

(1) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ടെൻഡർ അംഗീകരിക്കുന്നതിനായി 6.10.2020 -ലെ 17/1 നമ്പർ ഭരണസമിതി യോഗത്തിലെ തീരുമാനത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു. മേൽ തീരുമാനത്തിൽ രേഖപ്പെടുത്തിയയ ടെണ്ടറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :-

| ടെൻഡറിൽ പങ്കെടുത്തവർ | ശ്രീ. സജിത്ത് വി.ആർ | ശ്രീ. ബിനു പി.ആർ. | ശ്രീ.ബിജു ജോർജ് |
|---|---|---|---|

| | | | |
|---|---|---|---|
| LED ബൾബ്15w) | 300 | 280 | 330 |
| ഷീൽഡ് | 90 | 80 | 80 |
| വയർ | 120 | 90 | 110 |
| സ്വിച്ച് | 30 | 20 | 30 |
| ഹോൾഡർ | 35 | 30 | 40 |
| ടേപ്പ് | 10 | 10 | 10 |
| ലേബർ ചാർജ് | 490 | 420 | 500 |
| ആകെ | 1075 | 930 | 1100 |

മേൽ പട്ടികയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ശ്രീ.ബിനു പി.ആർ. ആണ്. എന്നാൽ ശ്രീ. ബിജു ജോർജിന്റെ നിരക്ക് അംഗീകരിക്കുന്നതിനും നെഗോഷിയേഷൻ നടത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനമെടുത്തു. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയെ ഒഴിവാക്കിയ തീരുമാനം ശരിയല്ല.

(2) ടിയാനുമായി ഉണ്ടാക്കിയ മുദ്രപത്രത്തിലുള്ള കരാറിൽ പോസ്റ്റൊന്നിന്റെ ലേബർ ചാർജ് 500/- രൂപയാണ് രേഖപ്പെടുത്തിയത്. ശ്രീ. ബിജു ജോർജ് ടെൻഡർഫോറത്തിനൊപ്പം വച്ച ഷഡ്യൂളിൽ ക്വോട്ട് ചെയ്തിട്ടുള്ളത് (ശ്രീ. ബിനു പി.ആർ. ക്വോട്ട് ചെയ്ത അതേ നിരക്കുകളാണ്) ലേബർ ചാർജ് 420/- രൂപയാണ്.

മേൽ പറഞ്ഞ ന്യൂനതകളും ഫയലിലെ അവ്യക്തതകളും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/21.10.22) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി പ്രകാരം അധികം നൽകിയ 2,78,80/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## 1-25 കുട്ടികളുടെ ജില്ലാ വെബ് പോർട്ടൽ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം., പേര് | എസ് 76/22, കുട്ടികളുടെ ജില്ലാ വെബ് പോർട്ടൽ |
| നിർവ്വഹണം | ഐ.സി.ഡ.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 12,500/(വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 12,500/-(ബിൽ നം 18/15.03.2022) |

കുട്ടികളുടെ ജില്ലാ വെബ് പോർട്ടൽ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. എറണാകുളം ജില്ലാപഞ്ചായത്ത് 2021-22 വർഷം വനിത ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളും, നഗരസഭകളും, കൊച്ചി കോർപ്പറേഷനും ഉൾപ്പെടുത്തി രൂപീകരിച്ച സംയുക്ത പദ്ധതിയാണിത്. ഇതിൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് വിഹിതമായി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് മേൽപ്രകാരം 12,500/- രൂപ കൈമാറിയിട്ടുണ്ട്. ഇതിന്റെ കൈപ്പറ്റ് രസീതും, വിനിയോഗസാക്ഷ്യപത്രവും, വെബ് സൈറ്റ് അഡ്രസും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 2/17.10.2022) ലഭ്യമാക്കിയ മറുപടിയിൽ വെബ് പോർട്ടൽ രൂപീകരണം പൂർത്തിയായിട്ടില്ല എന്നാണറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രവും വെബ്സൈറ്റ് അഡ്രസും പിന്നീട് ഹാജരാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. ആയത് ഹാജരാക്കുന്നത് വരെ 12,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ മരുന്നും ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം , പേര് | 28/2021-22, NHM ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക /ഫണ്ട് | 2,00,000/- രൂപ<br>[സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്)-1,75,000+ 25,000 തനതുഫണ്ട്] |
| ചെലവഴിച്ചത് | 1,25,000/- രൂപ ( ബിൽ നം 86/25.10.2021)<br>50,000/- ( ബിൽ നം 776/18.03.2022)<br>25,000/- ( ചെക്ക് നം.3349136/05.11.2021) |
| നിർവ്വഹണോദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഹോമിയോ |

2021-22 സാമ്പത്തിക വർഷത്തെ പഞ്ചായത്തിന്റെ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് വഴി മേൽപ്രകാരം 2,00,000/- രൂപ ഹോംകോ യ്ക്ക് നൽകിയിട്ടുണ്ട്. LF 740/21.06.2021 നമ്പർ ഇൻവോയ്സ് പ്രകാരം മുൻകൂറായി ലഭിച്ച 35,000/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളതായി കണ്ടത്. ബാക്കി 1,65,000/- രൂപയുടെ മരുന്നുകൾ ഹോംകോയിൽ

നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നും, 25,000/- രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചതിന്റെ വിവരം ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതു സംബന്ധിച്ചും ഓഡിറ്റ് എൻക്വയറി (നം. 1/17.10.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 25,000/- രൂപയുടെ ചെലവ് വിവരം ക്യാഷ് ബുക്കിൽ ചേർത്ത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. ബാക്കി ലഭിക്കാനുള്ള 1,65,000/- രൂപയുടെ മരുന്ന് ലഭ്യമായതിന്റെ വിവരങ്ങൾ ഹാജരാക്കുന്നതു വരെ അത്രയും തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 അനുപൂരക പോഷകാഹാര പദ്ധതി-ബാധകമല്ലാത്ത ജി.എസ്.ടി. അനുവദിക്കുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അനുപൂരക പോഷകാഹാര പദ്ധതി |
| പ്രോജക്ട് നമ്പർ | S0001/2022 |
| അടങ്കൽ | 20,89,392/-<br>(വികസനഫണ്ട് പൊതുവിഭാഗം – 10,89,392/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് – 10,00,000/-) |
| ചെലവ് | 19,46,568/- |
| ബിൽ നം./<br>വൌച്ചർ നം.<br>തീയതി | 3/10.09.2021 – ₹ 1,31,189/-<br>5/10.09.2021 – ₹ 7,01,741/-<br>9/22.01.2022 – ₹ 1,28,167/-<br>14/06.03.2022 - ₹ 88,456/-<br>17/15.03.2022 - ₹ 25,603/-<br>ചെക്ക് നം. 3254526/16.12.2021 – ₹ 3,16,458/-<br>ചെക്ക് നം. 5056703 / 26.03.2022 - ₹ 1,31,723/-<br>ചെക്ക് നം. ----------”------------- - ₹ 4,23,231/-<br>ആകെ – ₹ 19,46,568/- |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ സൂചിപ്പിച്ച പ്രോജക്ട് മുഖേനയാണ് ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതി നടപ്പാക്കിയത്. പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കും, ഗർഭിണികൾക്കും അങ്കണവാടികൾ വഴി 7,73,426/- രൂപയുടെ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തിട്ടുണ്ട് വെങ്ങോല AAAകോമൺഫെസിലിറ്റി സെന്റർ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം 12/2017- Central Tax (Rate)ലെ ക്രമനം-66,ക്ലോസ്(b)(ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക് ജി.എസ്.ടി ബാധകമല്ല എന്ന കാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയിൽ വിതരണം ചെയ്ത അമൃതം ന്യൂട്രിമിക്സിന്റെ ബില്ല് പരിശോധിച്ചതിൽ, ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയാണ് വില ഈടാക്കിയതെന്ന് കാണുന്നു (73.5/KG). വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ഇൻവോയ്സ് നം. / തീയതി | ന്യൂട്രിമിക്സിന്റെ അളവ്(കി.ഗ്രാം) | ന്യൂട്രിമിക്സിന്റെ വില (73.50 രൂപ/കി.ഗ്രാം) | ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് കിലോ ഗ്രാമിന് 0.90/- രൂപ നിരക്കിൽ | ആകെ |
|---|---|---|---|---|---|
| 1 | 35/12.04.2021 | 1035 | 76072 | 932 | 77004 |
| 2 | 333/08.03.2021 | 1293 | 95036 | 1164 | 96200 |
| 3 | 337/14.11.2020 | 1056 | 77616 | 951 | 78567 |
| 4 | 383/14.06.2021 | 1062 | 78057 | 956 | 79013 |
| 5 | 402/19.07.2021 | 1044 | 76734 | 940 | 77674 |
| 6 | 413/10.08.2021 | 697 | 51230 | 628 | 51858 |
| 7 | 440/1309.2021 | 794 | 58359 | 715 | 59074 |
| 8 | 457/11.10.2021 | 880 | 64680 | 792 | 65472 |
| 9 | 503/13.12.2021 | 869 | 63872 | 782 | 64654 |

| | | | | | |
|---|---|---|---|---|---|
| 10 | 535/11.01.2022 | 891 | 65488 | 801 | 66289 |
| 11 | 485/09.11.2021 | 828 | 60858 | 745 | 61603 |
| 12 | 559/16.02.2022 | 1004 | 73794 | 904 | 74698 |
| | | 11453 | 841796 | 10310 | 852106 |

അങ്കണവാടി ഭക്ഷണവിതരണത്തിന് ബാധകമല്ലാത്ത ജി.എസ്.ടി. കൂടി ഉൾപ്പെട്ട തുക വിതരണ സ്ഥാപനത്തിന് നൽകിയത് മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 40,086/-/- (11453x3.5) രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021 നമ്പർ സർക്കുലറിൽ അങ്കണവാടി പോഷകാഹാര വിതരണത്തെ 28/06/2017 ലെ ജി.എസ്.ടി. നോട്ടിഫിക്കേഷൻ പ്രകാരം തന്നെ ജി.എസ്.ടിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ, അനർഹമായ ജി.എസ്.ടി. നൽകിയതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/17.10.2022) വനിതാ ശിശു വികസന ഡയറക്ടറുടെ ഐ.സി.ഡി.എസ്.ബി3/13220/21 തീയതി 18.08.2021 നമ്പർ കത്തിലെ നിർദ്ദേസമനുസരിച്ചാണ് ജി.എസ്.ടി. ഉൾപ്പെടെയുള്ള 73.50രൂപ/കി.ഗ്രാം എന്ന നിരക്കിൽ തുക അനുവദിച്ചിട്ടുള്ളതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചത്. മേൽ വിഷയത്തിൽ കൃത്യമായ സ്പഷ്ടീകരണം ഉണ്ടാക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധക്ഷണിക്കുന്നു.

## 1-28 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ട പൊതുവായ ന്യൂനതകൾ താഴെ ചേർക്കുന്നു.

(1) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(എ) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(സി) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല.

(3) പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, ലക്ഷ്യം പദ്ധതി ചെലവ് റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്ട് റിപ്പേർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ സൈറ്റിന്റെ കൃത്യമായ പേര് വിവരവും, നിലവിലെ അവസ്ഥയും രേഖപ്പെടുത്തുന്നില്ല. ചില ഫയലുകളിൽ എസ്റ്റിമേറ്റ് റിപ്പോർട്ടും, സാങ്കേതികാനുമതിയുടെ വിവരങ്ങളും സൂക്ഷിച്ചിട്ടില്ല. സെക്യൂരിറ്റി ഡെപ്പോസിറ്റായി ലഭിച്ച സ്ഥിര നിക്ഷേപ രസീതുകൾ ചില ഫയലുകളിൽ അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നു.

(4) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നതിന് പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് മെയിന്റനൻസ് - പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ.

പദ്ധതി നം. : 153/22.

പദ്ധതിയുടെ പേര് : സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് .

അടങ്കൽ : ₹ 1,80,000/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : ₹ 1,80,000/-

വൗച്ചർ നം. : 22100527/22.03.2022.

മേൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി ഏറ്റെടുത്ത കരാറുകാരന് അർഹതപ്പെട്ടതിലും അധികം തുക അനുവദിച്ചതായും രേഖകൾ ശരിയാംവണ്ണം പരിപാലിക്കാത്തതായും കാണുകയുണ്ടായി.

2020-21- ൽ 3 ലക്ഷം രൂപ വകയിരുത്തി ആരംഭിച്ച പദ്ധതിയിൽ കരാർ ഏറ്റെടുത്ത ശ്രീ ബിജുജോർജിന് പഞ്ചായത്തിലേക്ക് 1,31,000/- രൂപയുടെ ലൈറ്റ് , ഫിറ്റിങ്ങുകൾ വാങ്ങി ഇൻവോയിസ് ലഭ്യമാക്കിയത് പ്രകാരം കരാർ പ്രകാരമുള്ള ആദ്യ ഗഡു (40%) 120000/- രൂപ 2020-21 -ൽ നൽകുകയുണ്ടായി. ആയതിൽ ശേഷിക്കുന്ന 11,000/- രൂപയും ലേബർ ചാർജ്ജുമുൾപ്പെടെ 180000/- രൂപ ഓഡിറ്റ് വർഷവും നൽകുകയുണ്ടായി.

ശ്രീ. ബിജു ജോർജ് ടെൻഡർഫോറത്തിനൊപ്പം വച്ച ഷഡ്യൂളിൽ ക്വോട്ട് ചെയ്തിട്ടുള്ളത് ലേബർ ചാർജ് നിരക്ക്പോസ്റ്റൊന്നിന് 420/- രൂപയാണ്. എന്നാൽ ടിയാൻ പഞ്ചായത്തുമായി ചമച്ച കരാറിൽ ലേബർചാർജ് 500/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ടിയാൻ 340 പോസ്ററുകളിൽ പ്രവർത്തി നടത്തിയതിന്റെ രേഖയാണ് ഫയലിലുള്ളത്. അപ്രകാരമാണ് ടിയാന് 1,80,000/- രൂപ (340x500 =1,70,000+11,000 =1,81,000-10,00 =1,80,000) നൽകിയിട്ടുള്ളത്.

എന്നാൽ ഫയൽ പ്രകാരം പ്രവൃത്തി നടത്തിയതായുള്ള പോസ്റ്റ് നമ്പർ ചേർത്തിരിക്കുന്ന 340 പോസ്റ്റുകളുടെ പട്ടികയിൽ 4പോസ്റ്റുകളുടെ എണ്ണം ക്രമനമ്പറിൽ തുടർച്ചയായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ. ക്രമ നം 121 കഴിഞ്ഞ് 123 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം ക്രമനം.122, 141, 222, 282 എന്നിവ രേഖപ്പെടുത്താതെ 336 പോസ്റ്റുകളുടെ എണ്ണമാണ് പട്ടികിൽ രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രകാരം 336 പോസ്റ്റുകൾക്കുള്ള ലേബർ ആയിരുന്നു അനുവദിക്കേണ്ടിയിരുന്നത്. കൂടാതെ ടിയാൻ തന്നെ സാക്ഷ്യപ്പെടുത്തി സമർപ്പിച്ച ഷെഡ്യൂളിലെ ലേബർ ചാർജായ 420/- രൂപ നിരക്കിലാണ് നൽകേണ്ടിയിരുന്നത്. അപ്രകാരം 336 (പോസ്റ്റുകൾ) X420 (രൂപ) = 1,41,120+11,000(മെറ്റീരിയൽ) = 1,52,120/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ അധികമായി നൽകിയത് 27880/- രൂപ.(180000-152120).

കൂടാതെ ഫയൽ പരിശോധിച്ചതിൽ കണ്ട മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

(1) സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് ടെൻഡർ അംഗീകരിക്കുന്നതിനായി 6.10.2020 -ലെ 17/1 നമ്പർ ഭരണസമിതി യോഗത്തിലെ തീരുമാനത്തിന്റെ വിശദാംശം താഴെ ചേർക്കുന്നു. മേൽ തീരുമാനത്തിൽ രേഖപ്പെടുത്തിയ ടെണ്ടറുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു :-

| ടെൻഡറിൽ പങ്കെടുത്തവർ | ശ്രീ. സജിത്ത് വി.ആർ | ശ്രീ. ബിനു പി.ആർ. | ശ്രീ.ബിജു ജോർജ് |
|---|---|---|---|
| LED ബൾബ്15w) | 300 | 280 | 330 |
| ഷീൽഡ് | 90 | 80 | 80 |
| വയർ | 120 | 90 | 110 |
| സ്വിച്ച് | 30 | 20 | 30 |
| ഹോൾഡർ | 35 | 30 | 40 |
| ടേപ്പ് | 10 | 10 | 10 |
| ലേബർ ചാർജ് | 490 | 420 | 500 |
| ആകെ | 1075 | 930 | 1100 |

മേൽ പട്ടികയിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് ശ്രീ.ബിനു പി.ആർ. ആണ്. എന്നാൽ ശ്രീ. ബിജു ജോർജിന്റെ നിരക്ക് അംഗീകരിക്കുന്നതിനും നെഗോഷിയോഷൻ നടത്തുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗം തീരുമാനമെടുത്തു. എന്നാൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയെ ഒഴിവാക്കിയ പ്രസ്തുത തീരുമാനം ശരിയല്ല.

(2) ടിയാനുമായി ഉണ്ടാക്കിയ മുദ്രപത്രത്തിലുള്ള കരാറിൽ പോസ്റ്റൊന്നിന്റെ ലേബർ ചാർജ് 500/- രൂപയാണ് രേഖപ്പെടുത്തിയത്. ശ്രീ. ബിജു ജോർജ് ടെൻഡർഫോറത്തിനൊപ്പം വച്ച ഷഡ്യൂളിൽ ക്വോട്ട് ചെയ്തിട്ടുള്ളത് (ശ്രീ. ബിനു പി.ആർ. ക്വോട്ട് ചെയ്ത അതേ നിരക്കുകളാണ്) ലേബർ ചാർജ് 420/- രൂപയാണ്.

മേൽ പറഞ്ഞ ന്യൂനതകളും ഫയലിലെ അവ്യക്തതകളും സംബന്ധിച്ച് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (20/21.10.22) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും പദ്ധതി പ്രകാരം അധികം നൽകിയ 2,78,80/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 5,20,000 | ലൈഫ് ഭവനപദ്ധതി – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് – ജനറൽ (S004/2022) | 5,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,00,000 | ലൈഫ് – ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (S016/2022) | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 10,60,000 | ലൈഫ് ഭവനപദ്ധതി – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് – എസ് സി (S002/2022) | 10,60,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,04,025 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S005/2022) | 2,04,025 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S126/2022) | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,27,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (S046/2022) | 2,27,000 | 0 |
| ആകെ | | 23,11,025 | | 23,11,025 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 9,60,000 | ലൈഫ് ഭവനപദ്ധതി – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് – ജനറൽ (S004/2022) | 9,60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 50,000 | ലൈഫ് – ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (S016/2022) | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,47,000 | ലൈഫ് ഭവനപദ്ധതി – ഭൂമിയുള്ള ഭവനരഹിതർക്ക് വീട് – എസ് സി (S002/2022) | 1,47,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,04,025 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (S005/2022)ച | 2,04,025 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 2,00,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (S046/2022) | 2,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,68,596 | മൈൽക്കവല മുട്ടത്തുപാടം റോഡ് നിർമ്മാണം (S138/2022) | 3,68,596 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 3,83,775 | മൈലൂർത്തടം – ആശാൻകണ്ടം റോഡ് നിർമ്മാണം (S139/2022) | 3,83,775 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 4,00,000 | 90-ാം നമ്പർ അങ്കണവാടി നിർമ്മാണം – വാർഡ് 6 (S104/2022) | 3,53,037 | 46963 |
| ആകെ | | 27,13,396 | | 26,66,433 | 46963 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മൈലൂർ സ്റ്റേഡിയം കുടിവെള്ള കണക്ഷൻ (123/222/22) | 22100584/27.02.22<br>22100267/14.12.22 | 25000<br>10000 | 0 | 35,000 |
| കേരള വാട്ടർ അതോറിറ്റി | അമ്പലംപടി കുടിവെള്ള പൈപ്പ് ലൈൻ ദർഘിപ്പിക്കൽ (124/22) | 22100585/27.02.22<br>22100266/14.12.22 | 107598<br>16402 | 0 | 1,24,000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | വിവധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (175/22) | 22100622/31.03.22 | 42068 | 0 | 42,068 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയ തുകയുടെ വിവരം

ഇല്ല

## 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് (KURDFC) | GO(Ms)111/ 2018/LSGD/ 18.5.2018 | 19,80,000 | 1,51,30,167 | 24,34,667 | 0 | 1,46,75,500 |

S0172/2022, S0171/2022, S0193/2022, S0169/2022, S0173/2022, S0122/2022, S0174/2022, S0194/2022 എന്നീ ജി. ഒ. പ്രോജക്ടുകൾ മുഖേനയാണ് തൻവർഷം വായ്പാ തുക തിരിച്ചടച്ചത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,29,55,093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,55,88,919 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,880 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,50,081 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3 - 1 | 27,880 | ശ്രീ അനിൽകുമാർ കെ., സെക്രട്ടറി |
| ആകെ | 27,880 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 46,513 | ശ്രീ അനിൽകുമാർ കെ., സെക്രട്ടറി |
| 1-19 | 1,62,500 | ശ്രീ എം.എൻ. രാജേന്ദ്രൻ, കൃഷി ഓഫീസർ |
| 1-20 | 2,62,500 | ശ്രീ സണ്ണി കെ.എ., കൃഷി ഓഫീസർ |
| 1-21 | 2,01,068 | ശ്രീ അനിൽകുമാർ കെ., സെക്രട്ടറി |
| 1-25 | 12,500 | ശ്രീമതി നസ്രീൻ നാസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26 | 1,65,000 | ശ്രീ സജി ജോൺ , മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| ആകെ | 8,50,081 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ കെ.<br>സെക്രട്ടറി | സെക്രട്ടറി,<br>പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | തുടനാൽ,<br>തൃക്കാരിയൂർ പി ഒ,<br>കോതമംഗലം<br>686692 |
| എം എൻ രാജേന്ദ്രൻ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറ്റതിൽ,<br>മേതല പി ഒ<br>മേതല |
| സണ്ണി കെ. എ.<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>പോത്താനിക്കാടി ഗ്രാമപഞ്ചായത്ത് | കൊക്കപ്പറമ്പിൽ,<br>പല്ലാരിമംഗലം പി ഒ,<br>പല്ലാരിമഗലം |
| ശ്രീമതി നസ്രീൻ നാസർ,<br>ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ<br>വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | കളത്തിൽ ഹൌസ്,<br>സൺ ലെയ്ൻ,<br>ബീരാക്കുട്ടി റോഡ്, കുനംതൈ,<br>എറണാകുളം - 682 024 |
| സജി ജോൺ ,<br>മെഡിക്കൽ ഓഫീസർ ഹോമിയോ | ചീഫ് മെഡിക്കൽ ഓഫസർ,<br>ഹോമിയോ ഡിസ്പെൻസറി,<br>കോതമംഗലം | ഐക്കനാട്ട് ,<br>മുള്ളരിങ്ങാടി (പി.ഒ.)<br>എറണാകുളം |

4-11 തീർപ്പാക്കുന്നതിന് അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന |
|---|---|---|

| | | ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | | |
| 2000-01 | എൽ.എഫ്.ഇ(പി1)1318/2009 തീ. 16.02.02 | 3 |
| 2001-02 | എൽ.എഫ്.ഇ(പി1)862/2003 തീ. 14.11.2003 | |
| 2002-03 | എൽ.എഫ്.ഇ(പി1)284/20005 തീ. 15.11.2005 | 2 |
| 2003-2004 | എൽ.എഫ്.ഇ(പി7)1442/2008 തീ. 8.4.09 | 4 |
| 2006-2007 | എൽ.എഫ്.ഇ(പി7)1445/2008 തീ. 8.4.09 | 2 |
| 2008-2009 | എൽ.എഫ്.ഇ(പി7)851/2012 തീ. 12.7.12 | 1 |
| 2009-2010 | എൽ.എഫ്.ഇ(പി7)296/2011തീ.12.7.12 | 1 |
| 2010-2011 | എൽ.എഫ്.ഇ(പി7)852/2012 തീ. 12.7.12 | 3 |
| 2011-12&12-13 | എൽ.എഫ്.ഇ(പി7)1351/2014 തീ.12.12.2014 | 2 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി7)42/17 തീ. 21.5.16 | 11 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി7)1855/17 തീ. 28.11.17 | 9 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി7)145/19 തീ. 05.3.19 | 10 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി7)262/20 തീ. 12.03.20 | |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി)1918/21 തീ. 13.06.22 | |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി7)1919/21 തീ. 13.06.22 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വാരപ്പെട്ടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്